LIBRARY ARCHIVES Kerala Legislative Assembly

അശാസ്ത്രീയമായ മണലെടുപ്പുമൂലം ചെക്ക്ഡാമിന് ചെറിയ ചോർച്ചയുണ്ടാകാൻ സാധ്യതയുണ്ടെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കായി 160 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് 2017-ൽ തയ്യാറാക്കിയിരുന്നു. എന്നാൽ മലപ്പുറം നഗരത്തിലെ വർദ്ധിച്ചുവരുന്ന ജലഉപഭോഗം, തടയണയുടെ കാലപ്പഴക്കം എന്നീ വസ്തുതകൾ കണക്കിലെടുത്ത് പുതിയ ഒരു റഗുലേറ്റർ നിർമ്മിക്കുന്നതാണ് പ്രായോഗികമെന്ന നിഗമനത്തിലെത്തിച്ചേർന്നതിനാൽ ഭരണാനുമതി അടക്കമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മലപ്പുറം നഗരസഭയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി കടലുണ്ടിപ്പുഴയ്ക്ക് കുറുകെ നാന്പ്രാണി കടവിൽ ഒരു പുതിയ റെഗുലേറ്റർ നിർമ്മിക്കുന്ന പദ്ധതി ജലസേചന വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന് നഗരസഭ 15.77 കോടി രൂപ ജലസേചന വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കിവരുന്നു.

മൂന്നാർ കോളനി തോട് സംരക്ഷണ ഭിത്തിയുടെ നിർമ്മാണം

174(2210) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേജർ ഇറിഗേഷൻ വഴി 2019/8626/റ്റി.എ. നന്പരായി 2021-22 എഫ്.ഡി. വർക്ക് പ്രയോറിറ്റി ലിസ്റ്റിലുൾപ്പെട്ട മൂന്നാർ ഗുരുഭവൻ ഹോട്ടലിന് സമീപമുള്ള കോളനി തോടിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മൂന്നാർ ഗുരുഭവൻ ഹോട്ടലിന് സമീപമുള്ള കോളനി തോടിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി 48 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും അനുസരിച്ച് സാന്പത്തികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബണ്ട് റോഡ് നിർമ്മാണം

175(2211) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജിഡയുടെ ഫണ്ട് വകയിരുത്തിയിട്ടുള്ളതും ഇറിഗേഷൻ വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതുമായ വല്ലാർപാടം ദ്വീപിന് ചുറ്റും സംരക്ഷണ ഭിത്തിയും ബണ്ട് റോഡ് നിർമ്മാണവും സംബന്ധിച്ച പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിക്ക് എന്നാണ് ഭരണാനുമതി നൽകിയതെന്നും ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ;

(സി) ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പദ്ധതി പൂർത്തിയാക്കുന്നതിൽ എന്തുകൊണ്ട് കാലതാമസം നേരിടുന്നുവെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

(എ-ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജിഡയുടെ ഫണ്ട് വകയിരുത്തിയിട്ടുള്ളതും ഇറിഗേഷൻ വകുപ്പിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതുമായ വല്ലാർപാടം ദ്വീപിന് ചുറ്റും സംരക്ഷണഭിത്തിയും ബണ്ട് റോഡ് നിർമ്മാണവും സംബന്ധിച്ച പദ്ധതിക്കായി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 13-2-2012-ൽ G.O(Rt)No.443/2012/ LSGD നമ്പർ സർക്കാർ ഉത്തരവുപ്രകാരം 17.14 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്). അതിൽ 5.04 കോടി രൂപയുള്ള പ്രവൃത്തികൾ മൈനർ ഇറിഗേഷൻ വിഭാഗം മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 12.10 കോടി രൂപയുടെ പ്രവൃത്തികൾ ഇറിഗേഷൻ ഡിവിഷൻ എറണാകുളത്തിന്റെ കീഴിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് Soil Investigation നടത്തിയതിന്റെ അടിസ്ഥാനത്തിൽ Foundation design തയ്യാറാക്കിയതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകാവൂയെന്ന് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 14.80 ലക്ഷം രൂപയുള്ള Soil Investigation Estimate തയ്യാറാക്കി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. Soil Investigation Report ലഭിച്ചാൽ മാത്രമേ Revised Estimate തയ്യാറാക്കി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ.

കോവളം മണ്ഡലത്തിലെ തോടുകൾ

176(2212) ശ്രീ. എം വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ മഴക്കാലത്തും ബണ്ട് പൊട്ടിയും കരകവിഞ്ഞും വെള്ളം കയറി അടിക്കടി കൃഷിക്കും വീടുകൾക്കും നാശനഷ്ടം സംഭവിക്കുന്നത് തടയാനായി കല്ലിയൂർ പഞ്ചായത്തിലെ കുന്നുകാലിച്ചാൽ 6 മാസത്തിലൊരിക്കൽ വൃത്തിയാക്കുകയും പണ്ടാരക്കരി പാടശേഖരത്തിന്റെ പുറംബണ്ട് നിർമ്മാണം നടത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.